# 15

# “ക്രിസ്തുവിന്റെ മാതൃക പിൻപറ്റി സ്നേഹത്തിൽ നടപ്പിൻ”

## (5:1- 6)

“നടപ്പിൻ” എന്ന് അദ്ധ്യായം 5-ൽ വീണ്ടും ഉപയോഗിച്ചിരിക്കുന്നു. ക്രിസ്തുവിനെ ഉദാഹരണമായി എടുത്ത്, എഫെസ്യയിലെ ക്രിസ്ത്യാനികളോട് പൗലൊസ്, “സ്നേഹത്തിൽ നടക്കുവാനും” ദൈവത്തിന്റേയും ക്രിസ്തുവിന്റേയും രാജ്യത്തിലെ വിശുദ്ധന്മാർക്കുള്ള അവകാശത്തിന്ന് യോഗ്യരാക്കുവാനും വേണ്ടി പൗലൊസ് അപേക്ഷിക്കുകയാണ്.

### ദൈവത്തിന്റേയും ക്രിസ്തുവിന്റേയും സ്നേഹം അനുകരിക്കൽ (5:1, 2)

**[1]ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. [2]ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കു വേണ്ടി തന്നെത്താൻ ദൈവത്തിന്നു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ.**

**വാക്യങ്ങൾ 1, 2.** ചില രീതിയിൽ “നടപ്പിൻ” എന്നു പറഞ്ഞുകൊണ്ടാണ് എഫെസ്യലേഖനത്തിൽ പൗലൊസ് പ്രായോഗികത അവതരിപ്പിക്കുന്നത് (അദ്ധ്യായം 4-6). പൗലൊസ് മുൻപ് എഴുതിയവസാനിപ്പിച്ച പ്രബോധനവുമായി ബന്ധിപ്പിച്ചുകാണ്ടാണ് 5:1-ൽ **ആകയാൽ** എന്നു പറയുന്നത്. എഫെസ്യർ 4 ലെ പുതുക്കിയ മനസും പുതിയ മനുഷ്യനും ദൈവത്തെ അനുകരിച്ചുകൊണ്ടാണ് അത് പ്രദർശിപ്പിക്കേണ്ടത്.

അനുകാരികൾ എന്നത് തർജിമ ചെയ്തിരിക്കുന്ന വാക്കാണ് *മിമെറ്റായി,* അതിൽനിന്നാണ് നമ്മുടെ ഇംഗ്ലിഷ് വാക്ക് “മിമിക്ക്” വന്നിരിക്കുന്നത്. **സ്നേഹത്തിൽ നടക്കുമ്പോൾ**, ക്രിസ്ത്യാനികൾ **ദൈവത്തെ** “അനുകരിക്കുകയാണ്.” “ദൈവത്തെ അനുകരിക്കുക” എന്ന വാസ്തവത്തിലുള്ള ആശയഭാഷ അവിടെ ഇല്ലെങ്കിലും പഴയനിയമ ആശയം ആണ്. ദൈവത്തിന്റെ പഴയനിയമ ആളുകളോട് പറഞ്ഞിരിക്കുന്നത്, “നിങ്ങളുടെ ദൈവമായ യഹോവയായ ഞാൻ വിശുദ്ധനാകയാൽ, നിങ്ങളും വിശുദ്ധരാകുവിൻ” (ലേവ്യ. 19:2). അത് ദൈവത്തെ അനുകരിക്കുവാനുള്ള കൽപനയായിരുന്നു. പുതിയ നിയമത്തിൽ യേശു പറഞ്ഞു, “നിങ്ങളുടെ പിതാവ് മനസലിവുള്ളവൻ ആകുന്നതുപോലെ, നിങ്ങളും മനസലിവുള്ളവരാകുവിൻ” (ലൂക്കൊ. 6:36). പിന്നെ യേശു പഠിപ്പിച്ചു, “നിങ്ങളുടെ സ്വർഗീയപിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ” (മത്താ. 5:48). ക്രിസ്ത്യാനികൾ ദൈവത്തിന്റെ **പ്രിയ മക്കൾ** ആകയാൽ, നാം അവന്റെ രൂപത്തോട് അനുരൂപരായി വളരണം. ഈ ലേഖനത്തിൽ, മുൻപ്, ക്രിസ്ത്യാനികളെ ദൈവം തന്റെ ഭവന

ത്തിലേക്ക് ദത്തെടുത്തിരിക്കയാണെന്ന് നാം കണ്ടു (1:5 നോക്കുക). 5:1-ൽ, നമ്മുടെ സ്നേഹവാനായ പിതാവിന് അനുരൂപമായി അവന്റെ ഭവനത്തിൽ ജീവിക്കുവാൻ നമ്മെ ഏൽപിച്ചു കൊടുത്തതായി പൗലൊസ് പറഞ്ഞു. ദൈവം ആളുകളോട് ബന്ധപ്പെടുന്ന നിലവാരത്തിലായിരിക്കണം നാം ആളുകളോട് ഇടപെടുവാൻ.

4:24-ൽ, കാണിച്ചിരിക്കുന്നത്, ക്രിസ്ത്യാനികൾ പുതുമനുഷ്യനെ ധരിച്ച്, ദൈവത്തെ പോലെ നീതിയും വിശുദ്ധിയുമുള്ളവരാകണം. പാപക്ഷമാപണവും മനസലിവും ദൈവത്തെ അനുകരിച്ചുകൊണ്ടുവേണം നാം പ്രകടമാക്കുവാൻ എന്ന് 4:32-ൽ പൗലൊസ് വ്യക്തമാക്കിയിരിക്കുന്നു. നാം "സ്നേഹത്തിൽ നടക്കേണ്ട" മാതൃക ദൈവമായിരിക്കണം (5:2), "ദൈവം തന്റെ ഏകജാതനായ പുത്രനെ നമുക്കുവേണ്ടി നൽകുവാന്തക്കവണ്ണം നമ്മെ സ്നേഹിച്ചു" (യോഹ. 3:16). ക്രിസ്തു "നമുക്കുവേണ്ടി" "തന്നെത്താൻ ഏൽപിച്ചുകൊടുത്തു" (5:2). ക്രിസ്തുവിനെ നൽകുന്ന ദൈവസ്നേഹം കാണിക്കുന്നതിന് ഊന്നൽ കൊടുക്കുന്നതാണ് ദൈവത്തിൽനിന്നു വാക്യം 1 ലും 2 ലും ക്രിസ്തുവിലേക്കുള്ള മാറ്റം, ക്രിസ്തു നമ്മെ സ്നേഹിച്ചതിനാലാണ് തന്നെത്താൻ നമുക്ക് വേണ്ടി ഏൽപിച്ചുകൊടുത്തത്.

ദൈവത്തിന്റേയും ക്രിസ്തുവിന്റേയും സ്നേഹത്തെ അനുകരിക്കുവാൻ പൗലൊസ് പറഞ്ഞിരിക്കുന്നത്, എങ്ങനെയാണ് ആ സ്നേഹം എന്നു കാണിച്ചുകൊണ്ടാണ്: **ക്രിസ്തു ... തന്നെത്താൻ നമുക്ക് വേണ്ടി എൽപിച്ചുകൊടുത്തു**. "ഏൽപിച്ചു കൊടുത്തു" എന്നു പറയുന്നതിന്റെ അർത്ഥം, അവൻ "മരണത്തിനായി തന്നെ കീഴ്പ്പെടുത്തി"[1] എന്നാണ്. "നമുക്കു വേണ്ടി" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, "നമുക്കു പകരം," അല്ലെങ്കിൽ അവന്റെ രക്ഷ സ്വീകരിക്കുന്ന ഏല്ലാവരുടേയും "ഗുണത്തിനായി" എന്നാണ്.[2] ഈ ചിന്ത പൗലൊസിന്റെ ലേഖനത്തിൽ പലപ്പോഴും കാണാം (റോമർ 4:25; 8:32; ഗലാ. 2:20; എഫെ. 5:25).

**വഴിപാടും യാഗവും** എന്ന പ്രയോഗം നിർവ്വചിക്കുന്നത് ക്രിസ്തുവിന്റെ മരണത്തിന്റെ ഉദ്ദേശത്തെയാണ്. പഴയനിയമ യാഗങ്ങളും വഴിപാടുകളും നിറവേറ്റുന്നതും, അവന്റെ രക്തം പാപമോചനത്തിനു തൃപ്തി വരുത്തുന്നതുമായിരുന്നു (എബ്രാ. 10:14-18; 1 യോഹ. 2:2; 4:10 നോക്കുക). കൂടാതെ പാപം മനുഷ്യരും ദൈവവും തമ്മിലുള്ള ബന്ധത്തെ തകർത്തു എങ്കിൽ, ക്രിസ്തുവിന്റെ മരണം ദൈവത്തോട് നിരപ്പിക്കുകയാണുണ്ടായത് (റോമർ. 5:11; 2 കൊ. 5:18, 19 നോക്കുക). ക്രിസ്തുവിന്റെ യാഗവും വഴിപാടും **സുഗ്രാഹ്യമായിരുന്നു** എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്. പഴയനിയമ കാലത്ത് യാഗം അർപ്പിച്ചിരുന്നത് ദൈവത്തിന്റെ മുക്കിൽ സുഗന്ധമായി എത്തുന്നതിനെ ഓർപ്പിച്ചുകൊണ്ടായിരിക്കാം ഇവിടെ പറഞ്ഞിരിക്കുന്നത് (ഉല്. 8:21; ലേവ്യ. 1:9, 13, 17). ക്രിസ്തുവിന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചു എന്നാണ് അവൻ അർത്ഥമാക്കിയത്. സഹോദരന്മാർ പൗലൊസിന് സാമ്പത്തിക സഹായം എത്തിച്ചുകൊടുത്തതിനെ ഇതേ ഭാഷയിൽ പൗലൊസ് ഫിലിപ്പിയർ 4:18-ൽ പറയുകയുണ്ടായി.

മറ്റുള്ളവരോട് എഫെസ്യർ സ്നേഹം പ്രകടിപ്പിക്കുമ്പോൾ, അവർ ദൈവത്തെയും ക്രിസ്തുവിനെയും അനുകരിക്കണമായിരുന്നു. "തീർച്ചയായും, ഒരാൾ മറ്റൊരാളുടെ ക്ഷേമത്തെ കരുതി ചെയ്യുന്ന യാഗം മറ്റെല്ലാറ്റിനെക്കാളും ഉയർന്ന യോജിപ്പുളവാക്കുന്ന പ്രവൃത്തിയാണ്."[3] പൗലൊസ്

സംസാരിച്ച സ്നേഹം ഒരു തീരുമാനമാണ്; അത് വെറുമൊരു വികാരമല്ല, മറിച്ച് ഒരാൾ തിരഞ്ഞെടുക്കുന്നതാണ്. കൂടാതെ ഈ സ്നേഹം സജീവമായി രിക്കും. ചെയ്ത പ്രവൃത്തിയെ പ്രകടിപ്പിക്കുന്നതാണ് അത്, അല്ലാതെ വെറും വാക്കുകളാൽ സംസാരിക്കുന്നതല്ല. അവസാനമായി, അത്തരം സ്നേഹം നിബന്ധനകളില്ലാത്ത ഒന്നാണ്. അത് തീരുമാനിക്കുന്നത് ഒരാൾ ചെയ്യുന്നതോ അല്ലെങ്കിൽ ചെയ്യാത്തതോ എന്നതിന്റെ അടിസ്ഥാനത്തിലുള്ളതല്ല. അത് സ്നേ ഹിക്കുന്ന ആളുടെ ഹൃദയത്തിൽനിന്നു വരുന്നതാണ്-അത് തിരഞ്ഞെടുക്കു ന്നതും, സ്നേഹ പ്രവൃത്തിയും, നിബന്ധനകൂടാത്തതുമായ സ്നേഹമാണ്- ക്രിസ്ത്യാനി അനുകരിക്കേണ്ട സ്നേഹമാണ്.

## അനുസരണമുള്ള ജീവിതശൈലി യോടെ ജീവിക്കൽ (5:3-6)

**3ദുർന്നടപ്പും, യാതോരു അശുദ്ധിയും, അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്. 4അങ്ങനെയാകുന്നു വിശുദ്ധന്മാർക്ക് ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തവ അരുത്. സ്തോത്രമത്രെ വേണ്ടത്. 5ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്ര ഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്ക് ആർക്കും ക്രിസ്തുവിന്റേയും ദൈവ ത്തിന്റേയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ. 6വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്. ഈ വക നിമിത്തമ ല്ലോ ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു.**

5:3-6-ൽ, പൗലൊസ് 5:1, 2-ൽ പരിചയപ്പെടുത്തിയ സ്നേഹ തത്വം പ്രാ യോഗികമാക്കുകയാണ്. ഒരാൾ ദൈവവും ക്രിസ്തുവും സ്നേഹിച്ചതുപോ ലെ സ്നേഹിക്കുമ്പോൾ, അയാൾ പാപചിന്തകളും, പ്രവർത്തികളും ഒഴിവാ ക്കും. ദൈവത്തേയും ക്രിസ്തുവിനേയും ഒരാൾ അനുകരിക്കുവാൻ ശ്രമി ക്കുമ്പോൾ, അയാൾ ലൈംഗികമായ അശ്ലീല സംസാരവും പ്രവൃത്തിയും ഒഴിവാക്കും, കൂടാതെ മോശമായ സംസാരവും വരാതെ സൂക്ഷിക്കും.

**വാക്യം 3.** ആദ്യം, പൗലൊസ് പ്രത്യേകമായി പറഞ്ഞത് **ദുർന്നടപ്പാണ്.** അതിന്റെ ഗ്രീക്ക് വാക്ക് *പോർണെയിയാ* ആണ്. “ഒരു വിശാലമായ വാക്കാണ്, പൊതുവായ ലൈംഗിക അധാർമ്മികത്വം, പ്രത്യേകിച്ച് വ്യഭിചാരിണികളായ വരുമായുള്ള ലൈംഗികവേഴ്ച്ച.”[4] അത് കെജെവിയിലും, എൻഏഎസ്ബിയി ലും, യോഹന്നാൻ 8:41 ലും, പ്രവൃത്തികൾ 15:20, 29 ലും; 21:25 ലും തർജിമ ചെയ്തിരിക്കുന്നത് “ദുർന്നടപ്പ്” എന്നാണ്.

എന്നാൽ “വ്യഭിചാരം” (*മോയിച്ചെയിയാ*) അർത്ഥമാക്കുന്നത്, “ദുർന്ന ടപ്പ്” എന്ന വാക്കിൽ എല്ലാ തരത്തിലുമുള്ള നിയമവിരുദ്ധമായ ലൈംഗിക ബന്ധങ്ങളും, ഉദാഹരണമായി നിഷിദ്ധസംഗമം അടക്കം, സ്വവർഗ രതിയും, വ്യഭിചാരവും ഉൾപ്പെടും. യൂദാ 7 പറയുന്നത് സോദോം ഗൊമോറാ (ഉല്. 19:1-11 നോക്കുക) എന്നീ പട്ടണ നിവാസികൾ തങ്ങളെത്തന്നെ “ഭയങ്കരമായ ദുർന്നടപ്പിന്” ഏൽപിച്ചു കൊടുത്തിരുന്നു. ആ പട്ടണങ്ങളുടെ പാപങ്ങളെ വിവ രിക്കുവാൻ യൂദാ ഉപയോഗിച്ച ഗ്രീക്ക് വാക്ക് *എക്പോർണെയുവോ* ആണ്. കൂടാതെ ആ പട്ടണവാസികൾ അവിടെ വന്ന കർത്താവിന്റെ ദൂതന്മാരായ രണ്ടു പുരുഷന്മാരോടുകൂടെ ലൈംഗികവേഴ്ച്ച നടത്തുവാൻ ആഗ്രഹിച്ചതായി

ഉല്പത്തി 19 പറയുന്നു. ആ വാക്കുകൾ ബൈബിളിൽ പറഞ്ഞിരിക്കുന്നതെല്ലാം പരിഗണിച്ചാൽ, ഒരാളോ അല്ലെങ്കിൽ രണ്ടുപേരോ വിവാഹം കഴിച്ച പങ്കാളിയോടല്ലാതെ മറ്റൊരാളുമായി നടത്തിക്കൊണ്ടിരിക്കുന്ന ലൈംഗിക വേഴ്ച്ചയെ "വ്യഭിചാരം" എന്നും, "ദുർന്നടപ്പ്" എന്നും പറയുന്നത് എല്ലാ ലൈംഗിക പാപത്തെയും (പരിധിയില്ലാതെ) ആണ്. ചിലപ്പോൾ "വ്യഭിചാരവും," "ദുർന്നടപ്പും" ചേർത്തു ചില വേദഭാഗങ്ങളിൽ പറഞ്ഞിട്ടുണ്ട് (മത്താ. 15:19; 19:9 [കെജെവി]; മർ. 7:21; എബ്രാ. 13:4).

എൻഐവി *പോർണെയിയാ* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നത് "ലൈംഗിക അധാർമ്മികത്വം" എന്നാണ്, അത് ആ വാക്കിന്റെ വിശാലമായ അർത്ഥത്തെ വ്യക്തമാക്കുന്നു. അതിൽ ദൈവം വിലക്കിയിരിക്കുന്ന എല്ലാ ലൈംഗിക ബന്ധങ്ങളും ഉൾപ്പെടുന്നു (റോമർ. 1:26, 27). അത് വിവാഹം കഴിഞ്ഞ സ്ത്രീ പുരുഷന്മാർ തമ്മിലായാലും, ഒരു പുരുഷനും മൃഗവും തമ്മിലായാലും, പുരുഷനും പുരുഷനും തമ്മിലായാലും, സ്ത്രിയും സ്ത്രിയും തമ്മിലായാലും ശരിയാണ് (പുറ. 22:19).

രണ്ടാമത്, **ഏതു അശുദ്ധിയെയും** പൗലൊസ് വിലക്കിയിരിക്കുകയാണ്. ഇവിടെ ഉപയോഗിച്ച ഗ്രീക്ക് നാമം *അകതാർസിയ* അർത്ഥമാക്കുന്നത്, "ചിന്തയിലും ജീവിതത്തിലും വരുന്ന അശുദ്ധി"[5] ആണ്. ഇവിടെയും മറ്റു ഭാഗങ്ങളിലും *അകതാർസിയ* ഉപയോഗിച്ചിരിക്കുന്നത് ലൈംഗിക പാപത്തെ കാണിക്കുവാനാണ് (2 കൊ. 12:21; ഗലാ. 5:19; കൊലൊ. 3:5; 1 തെസ്സ. 4:3, 7). എഫെസ്യർ ലൈംഗിക പ്രവൃത്തി മാത്രമല്ല ഒഴിവാക്കേണ്ടത്, പിന്നെയോ അങ്ങനെ ഉള്ള ചിന്തയും ഒഴിവാക്കണമായിരുന്നു.

മൂന്നാമത്, അത്യാഗ്രഹത്തെയും ("അതിമോഹം"; കെജെവി) പൗലൊസ് പറഞ്ഞിരിക്കുന്നു. "അത്യാഗ്രഹം" (*പ്ലെയോനെക്സിയ*) "തനിക്കില്ലാത്തതിനെയോ ഉള്ളതിലധികമോ ആഗ്രഹിക്കുന്നതാണ്."[6] ആ വാക്ക് "അധാർമ്മികത്വം," ("അശുദ്ധി"; കെജെവി) എന്ന സ്വഭാവം വളരുന്ന രീതിയാണ് പറയുന്നത്. എന്നാൽ കൂടുതൽ ഭൗതിക സമ്പാദ്യങ്ങൾ വേണമെന്ന് ആഗ്രഹിക്കുന്നതിനെയും അത്യാഗ്രഹം എന്നു പറയാം, ഈ സന്ദർഭത്തിൽ, ലൈംഗികമായ അത്യാസക്തിയെ ആയിരിക്കാം സൂചിപ്പിക്കുന്നത്. പുതിയനിയമത്തിൽ മറ്റു ഭാഗങ്ങളിൽ *പ്ലെനെക്സിയ* ഉപയോഗിച്ചിരിക്കുന്നത് *പോർണെയിയ* എന്ന വാക്കോടുകൂടിയാണ്, അത് ഭൗതികമായ സമ്പാദ്യങ്ങൾ അമിതമായി വേണമെന്ന ആഗ്രഹത്തെയാണ് വ്യക്തമാക്കുന്നത് (1 കൊ. 6:9, 10; കൊലൊ. 3:5).

അവ **നിങ്ങളുടെ ഇടയിൽ പേർ പറക പോലും അരുത്** എന്നാണ് പൗലൊസ് വാക്യം 12-ൽ പറഞ്ഞിരിക്കുന്നത്. "അവർ ഗൂഢമായി ചെയ്യുന്നതു പറവാൻ പോലും ലജ്ജയാകുന്നു." വാക്യം 3-ൽ ഉപയോഗിച്ച ഗ്രീക്ക് നിഷേധം *മെഡേ* വളരെ ശക്തമായ രീതിയിലാണ് വിലക്കിയിരിക്കുന്നത്. പാപങ്ങളെ കുറിച്ചുള്ള ചർച്ചയിൽ പൗലൊസ് പറയുന്നത് "അവർ ആ പാപങ്ങളെ സഹിക്കുകയും പരോക്ഷമായി അവ പരിശീലിക്കുവാൻ പ്രോൽസാഹിപ്പിക്കയും ചെയ്യുന്നു."[7]

**അങ്ങനെയാകുന്നു വിശുദ്ധന്മാർക്ക് ഉചിതം** എന്നത് ലൈംഗിക പാപങ്ങളെ ഒഴിവാക്കുന്നതിനെയാണ് പറയുന്നത്. ലോക നിലവാരത്തിൽനിന്നു വ്യത്യസ്തമായാണ് ദൈവത്തിന്റെ വിശുദ്ധ ജനം ജീവിക്കുക. ദൈവത്തിന്റേയും ക്രിസ്തുവിന്റേയും അനുകാരികളായ നാം "വിശുദ്ധരും നിഷ്ക്കളങ്കരും" ആയിരിക്കും (1:4). "ഉചിതം" (*പ്രെപോ*) സൂചിപ്പിക്കുന്നത്

ക്രിസ്ത്യാനികളുടെ വിശുദ്ധ ജീവിതമാണ്. (ഈ രീതിയിൽ പൗലൊസ് ആ വാക്ക് തിത്തൊ. 2:1-ൽ ഉപയോഗിച്ചിരിക്കുന്നു.) ദുർന്നടപ്പും ക്രിസ്ത്യാനിയുടെ വിശുദ്ധ ജീവിതവും തമ്മിലുള്ള വ്യത്യാസം പൗലൊസ് 1 തെസ്സലൊനിക്യർ 4:3-7 ലും 1 തിമൊഥെയൊസ് 2:10 ലും കാണിച്ചു തരുന്നു.

**വാക്യം 4. ചീത്തത്തരം** തർജിമ ചെയ്തിരിക്കുന്നത് *പിസ്ക്രരോടെസ്* ആണ്, അർത്ഥം "പൊതുവിൽ ലജ്ജയില്ലാത്ത അധാർമ്മിക സ്വഭാവം"; ആ വാക്ക്, **കളിവാക്ക്, പൊട്ടച്ചൊൽ** എന്നിവയുമായി ബന്ധപ്പെടുത്തിയിരിക്കയാൽ, അത് പ്രത്യേകമായി മോശമായ സംസാരത്തെയാണ് വ്യക്തമാക്കുന്നത്. (കൊലൊ. 3:8 നോക്കുക; അവിടെ പൗലൊസ് ഉപയോഗിച്ചിരിക്കുന്നത് *അയിസ്ക്രോലോജിയാ* ആണ്, അർത്ഥം "മോശമായ സംസാരം അല്ലെങ്കിൽ അശുദ്ധമായ ഭാഷ" [എൻഐവി].) "കളിവാക്ക്" തർജിമ ചെയ്തിരിക്കുന്നത് *മോറോലോജിയ* എന്ന സംയുക്ത ഗ്രീക്കു വാക്കാണ്, (*മോറോസ്*, "ബുദ്ധിശൂന്യമായ") എന്നും (*ലോഗോസ്*, "സംഭാഷണം") എന്നുമാണ്,[9] അത് ഇവിടെ പറയുന്നത് ലൈംഗിക പാപത്തെ കുറിച്ചുള്ള ബുദ്ധിശൂന്യമായ സംസാരമാണ്. പൗലൊസ് അതിനോട് യോജിപ്പിച്ചു പറഞ്ഞിരിക്കുന്ന "പൊട്ടച്ചൊൽ" തർജിമചെയ്തിരിക്കുന്നത് *എയുട്രാപെലിയ* എന്ന ഗ്രീക്ക് വാക്കാണ്, ഈ സന്ദർഭത്തിൽ അതിന്റെ അർത്ഥം, ലൈംഗികവേഴ്ച്ചയെ കുറിച്ചുള്ള "അസഭ്യ സംഭാഷണം" എന്നാണ്.[10] എഫെസ്യർ ലൈംഗിക പാപത്തെ കുറിച്ചുള്ള തമാശ പോലും പറയുവാൻ പാടില്ല എന്ന നിർദ്ദേശമായിരുന്നു പൗലൊസ് നൽകിയത്. അത്തരം പാപങ്ങളോട് ഈ സമീപനം സ്വീകരിക്കുന്നത് അവയിൽ ഇടപെടുന്ന അന്തരീക്ഷം ഉണ്ടാക്കുകയാണ്. ദൈവത്തിന്റെ വിശുദ്ധന്മാർക്ക് അങ്ങനെയുള്ള സംഭാഷണം **ഉചിതം അല്ല** എന്നാണ് പൗലൊസ് പറഞ്ഞത്.

വിശുദ്ധന്മാർക്ക് ഉചിതമായിരിക്കുന്നത് എപ്പോഴും **സ്തോത്രം നൽകൽ** ആണ്. അവന്റെ വിശുദ്ധന്മാർ എന്ന നിലക്ക് നാം ദൈവത്തോട് കണക്കു കൊടുക്കേണ്ടവരാണെന്നും, അവന്റെ സന്നിധിയിലാണ് നാം ജീവിക്കുന്നതെന്നും, അവൻ ഉദാരമായി നൽകുന്നവനാണെന്നും സമ്മതിക്കുന്നതാണ് നമ്മുടെ സ്തോത്രം.. ലൈംഗികപാപങ്ങളെ കുറിച്ച് എഫെസ്യർ തമാശ പറയുവാനും പൗലൊസ് അനുവദിച്ചില്ല. പാപത്തിൽ ജീവിക്കുന്നവർ ദൈവത്തെ കുറിച്ച് ചിന്തിക്കാത്തവരും മറ്റു പല കാര്യങ്ങളിലും അവനോട് നന്ദിയില്ലാത്തവരുമാണ്.

**വാക്യം 5.** മുൻപറഞ്ഞ പാപങ്ങളിൽ പങ്കാളികളാകുന്നവർക്ക് വളരെ പരുഷമായ മുന്നറിയിപ്പാണ് പൗലൊസ് അവതരിപ്പിച്ചത്: **ദുർന്നടപ്പുകാരൻ, അശുദ്ധൻ വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്ക് ആർക്കും ക്രിസ്തുവിന്റേയും ദൈവത്തിന്റേയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ**. ഇവിടെ, ദ്രവ്യാഗ്രഹികൾ വിഗ്രഹാരാധികളാണെന്ന ചിന്തയാണ് നൽകിയിരിക്കുന്നത്. ലൈംഗിക പാപത്തിനായുള്ള ഒരാളുടെ ആഗ്രഹ പ്രവർത്തിയായാലും മറ്റൊരാളിൽ പരിശീലിക്കുന്നതായാലും അത് വിഗ്രഹാരാധനയായി തീരും. വിഗ്രഹം എന്നു പറയുന്നത് ദൈവത്തിനു മുന്നിൽ എന്തു വെച്ചാലും അത് വിഗ്രഹാരാധനയാണ്. ഇവിടെ ലൈംഗിക പാപമാണ് വിഗ്രഹം. ഇത്തരം വിഗ്രഹാരാധികൾക്ക് "ക്രിസ്തുവിന്റേയും ദൈവത്തിന്റേയും രാജ്യത്തിൽ അവകാശമില്ല." വിശുദ്ധന്മാരുടെ അവകാശത്തെ കുറിച്ച് പൗലൊസ് മുൻപ് പറയുകയുണ്ടായി (1:14, 18), ഇവിടെ പറയുന്നത് വിശുദ്ധന്മാരുടെ അവകാശം നഷ്ടപ്പെടുത്തുമെന്നാണ്. രാജ്യത്തിലെ അവകാശങ്ങളിൽനിന്നു പുറത്താകുന്നതിനെ സംബന്ധിച്ച് മറ്റു

വേദഭാഗങ്ങളായ 1 കൊരിന്ത്യർ 6:9 ലും ഗലാത്യർ 5:21 ലും പറഞ്ഞിട്ടുണ്ട്. പൗലൊസ് പറഞ്ഞ പാപജീവിതം നയിക്കുന്നവർ ദൈവത്തിന്റേയും ക്രിസ്തുവിന്റേയും ഭരണത്തിൽനിന്നു പുറത്താണ്-അതായത് ദൈവരാജ്യത്തിനു പുറത്ത്-അവർക്ക് ദൈവത്തിന്റെ നിത്യരാജ്യത്തിലെ അവകാശങ്ങളൊന്നും ലഭിക്കുകയില്ല.

**വാക്യം 6**. ആ മുന്നറിയിപ്പ് നൽകിയശേഷം പൗലൊസ് പറഞ്ഞു, **വ്യർത്ഥ വാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്; ഈ വക നിമിത്തമല്ലോ ദൈവ കോപം അനുസരണം കെട്ടവരുടെമേൽ വരുന്നു**. എഫെസ്യർ അധാർമ്മിക സ്വഭാവത്തിലേർപ്പെടുകയോ, ആരും അത്തരം വാക്കുകളാൽ അവരെ ചതിക്കുകയോ ചെയ്യുവാൻ അനുവദിക്കരുത് എന്നാണ് പൗലൊസ് പറഞ്ഞത്. അത്തരം സ്വഭാവം വ്യർത്ഥ വാക്കുകളാലാണ് വരുന്നത്, "അനുസരണം കെട്ടവരുടെമേൽ ദൈവകോപം" വരുമെന്ന് അവർക്ക് അറിയില്ലായിരുന്നു. ഒരു സ്പഷ്ടമായ സ്വഭാവത്തിന് അടിമപ്പെട്ട വ്യക്തിയെ തിരുവെഴുത്തിൽ പലപ്പോഴും ആ സ്വഭാവത്തിന്റെ "മകൻ," അല്ലെങ്കിൽ "പൈതൽ" എന്നു വിളിച്ചിരിക്കുന്നു (മർ. 3:17; പ്രവൃ. 4:36). 2:3-ൽ പൗലൊസ് പറഞ്ഞത് എഫെസ്യർ "കോപത്തിന്റെ മക്കൾ" ആയിരുന്നു എന്നാണ്. കാരണം അവർ ക്രിസ്ത്യാനികളാകുന്നതിനു മുൻപ് ദൈവകോപം വരുത്തിവെക്കുന്ന സമൂഹത്തിലായിരുന്നു ജീവിച്ചിരുന്നത്. വാക്യം 6-ൽ പൗലൊസ് പറഞ്ഞത് "അനുസരണക്കേടിന്റെ മക്കൾ" എന്നാണ്. ലൈംഗിക പാപത്തിൽ ജീവിക്കുന്നവർക്ക് ദൈവത്തിന്റെ ന്യായവിധി ഇല്ലെന്ന് പറഞ്ഞ് ജീവിച്ചവർ അനുസരണക്കേടിലായിരുന്നു ജീവിച്ചിരുന്നത് (റോമർ 1:18-32 നോക്കുക).

നാം ദൈവത്തെയും ക്രിസ്തുവിനേയും അനുകരിച്ച് സ്നേഹത്തിൽ നടക്കുമ്പോൾ, എന്തുകൊണ്ടാണ് പൗലൊസ് ലൈംഗിക പാപങ്ങളെ കുറിച്ച് ചർച്ച ചെയ്തത്? ദൈവവും ക്രിസ്തുവും സ്നേഹിച്ചതുപോലെ സ്നേഹിക്കുവാനും, മറ്റൊരാളുടെ നന്മക്കായും-അയാളെ സഹായിക്കുവാനാണ് അല്ലാതെ നശിപ്പിക്കുവാനല്ല എന്നതാണ് ലളിതമായ ഉത്തരം. ലൈംഗിക പാപങ്ങൾക്ക് എതിരായ ഫലമാണുള്ളത്. പാപസ്വഭാവമുള്ളവർക്ക് ബൈബിൾ സ്നേഹം പ്രകടിപ്പിക്കുവാൻ സാധ്യമല്ല, അവർ വ്യക്തിപരമായ താൽപര്യങ്ങൾക്ക് ആളുകളെ ഉപയോഗിച്ച് നിന്ദിക്കുകയാണ് ചെയ്യുന്നത്. ദൈവം ഉദ്ദേശിച്ച രീതിയിൽ ഉപയോഗിച്ചാൽ ദൈവം സൃഷ്ടിച്ച ലൈംഗികത തീർച്ചയായും മനോഹരമാണ്. ദൈവം രൂപപ്പെടുത്തിയ ലൈംഗികത സ്ത്രീയും പുരുഷനും വിവാഹബന്ധത്തിലായിരിക്കണം, സ്നേഹത്തിലും സമർപ്പണത്തിലും ആയിരിക്കണം. വിവാഹ ബന്ധത്തോട് സമർപ്പണമോ ഉത്തരവാദിത്തമോ ഇല്ലാതെ ഒരു സ്ത്രീയും പുരുഷനും ലൈംഗിക വേഴ്ച്ച നടത്തുകയാണെങ്കിൽ, അവർ വിവാഹത്തിന്റെ നേട്ടം വിവാഹം കൂടാതെ ആസ്വദിക്കുകയാണ്. വിവാഹത്തിനു പുറത്ത് ലൈംഗിക വേഴ്ച്ച നടത്തുന്നവർ ഒരാൾ മറ്റൊരാളെ ഉപയോഗിക്കുകയാണ്. സർവ്വസമ്മതത്തോടെയാണെങ്കിലും സമർപ്പണമോ സ്നേഹമോ കൂടാതെ വ്യക്തിപരമായ താൽപര്യത്തിന് മറ്റൊരാളെ ഉപയോഗിക്കുന്നതായിരിക്കും. ദുർന്നടപ്പ് പ്രതിരോധിക്കുവാൻ കഴിയാത്ത ബന്ധമാണ് ലൈംഗിക പാപത്തിൽ അടങ്ങിയിരിക്കുന്നത്. അതിൽ സ്നേഹമോ ഉത്തരവാദിത്തമോ കാണുവാൻ കഴിയുകയില്ല. ഒരാൾക്ക് വിവാഹത്തിൽ ഉള്ള സമർപ്പണത്തിലും ഉത്തരവാദിത്തത്തിലും താൽപര്യമില്ലെങ്കിൽ, ദൈവം വിവാഹത്തിൽ വെച്ചിരിക്കുന്ന നേട്ടങ്ങൾ അനുഭവിപ്പാനും അയാൾക്ക് അർഹതയില്ല. വിവാഹത്തിനു

പുറത്തുള്ള ലൈംഗികത തെറ്റാണ് കാരണം ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നു (എബ്രാ. 13:4) ആളുകളെ ഉപയോഗിക്കുകയല്ല, സ്നേഹിക്കുകയാണ് വേണ്ടത് എന്നതുകൊണ്ടും അത് തെറ്റാണ്.

## പ്രായോഗികത

**സ്നേഹത്തിൽ നടക്കൽ (5:1-6)**

5:1–6–ൽ, മഹത്വകരമായ സഭയിലെ അംഗങ്ങളായവർ "നടക്കേണ്ട" നാല് വഴികളിൽ രണ്ടെണ്ണം ചർച്ച ചെയ്തിരിക്കുന്നു. ലേഖനത്തിന്റെ ഈ ഭാഗത്ത് പൗലൊസ് പറയുന്നത് നാം "സ്നേഹത്തിൽ നടക്കണം" എന്നാണ്.

"*ദൈവത്തിന്റെ അനുകാരികൾ.*" നാം "സ്നേഹത്തിൽ നടക്കുമ്പോൾ" "ദൈവത്തെ അനുകരിക്കുന്നവരും" ക്രിസ്തുവിനെ അനുഗമിക്കുന്നവരും ആകും. പാപികൾക്കു വേണ്ടി ദൈവം ചെയ്തതെല്ലാം അവരോടുള്ള സ്നേഹം നിമിത്തമാണ് എന്നു പൗലൊസ് മുൻപ് പറഞ്ഞതായി നാം കണ്ടു (2:1–10 നോക്കുക). അവൻ സ്നേഹിച്ചതുപോലെ നാം സ്നേഹിക്കുമ്പോൾ, നാം ദൈവത്തിന്റെ മക്കളായി അവന്റെ ഭവനത്തോട് അനുരൂപപ്പെടുകയാണ് (5:1).

ക്രിസ്തുവിനെ തന്നെ പാപത്തിനുള്ള യാഗമായി സമർപ്പിച്ച ദാനമായിരുന്നു അത്, കൂടാതെ അത് ദൈവസന്നിധിയിൽ പ്രസാദകരവുമായി തീർന്നു. നമ്മെ സ്നേഹിച്ചതുകൊണ്ടാണ് അവൻ അങ്ങനെ ആയത്. നമുക്ക് ജീവിക്കുവാനുള്ള മാതൃകയാണ് ക്രിസ്തു (റോമർ 8:29; 1 പത്രൊ. 2:21), മറ്റുള്ളവരെ സ്നേഹിച്ചുകൊണ്ടാണ് നാം ക്രിസ്തുവിനെ അനുകരിക്കുന്നത് (5:2).

ഒന്നുകിൽ *"വിശുദ്ധന്മാർ," അല്ലെങ്കിൽ "പാപികൾ."* "വിശുദ്ധന്മാർക്കും" (5:3) "അനുസരണക്കേടിന്റെ മക്കൾക്കും" (5:6) ഇടക്കാണ് നാം "സ്നേഹത്തിൽ നടക്കുന്നത്" "അനുസരണക്കേടിന്റെ മക്കളിൽ" യഥാർത്ഥ സ്നേഹം ഇല്ല എന്നു ചിത്രീകരിക്കുവാൻ പൗലൊസ് ലൈംഗിക പാപത്തെ ഉദാഹരണമായി എടുത്തു കാണിച്ചിരിക്കുന്നു (5:3–5).

"വിശുദ്ധന്മാർ" തങ്ങളുടെ സ്വഭാവം കാണിക്കേണ്ടത് മറ്റുള്ളവരെ സ്നേഹിച്ചുകൊണ്ടാണ്. നാം മറ്റുള്ളവരെ വ്യക്തികളായി കാണുകയും അവരുടെ ക്ഷേമം ലക്ഷ്യമാക്കുകയും വേണം. ലൈംഗിക പാപം ചെയ്യുന്നവർ സ്നേഹിക്കുന്നില്ല; അവർ തങ്ങളുടെ സുഖത്തിനു വേണ്ടി മറ്റുള്ളവരെ ഉപയോഗിക്കുക മാത്രമാണ് ചെയ്യുന്നത്.

"സ്നേഹത്തിൽ നടക്കുന്നതാണ്" ഒരാൾ "വിശുദ്ധന്" ഉചിതമാംവണ്ണം ജീവിക്കുന്നത്. "സ്തോത്രം ... ചൊല്ലിക്കൊണ്ടാണ്" നാം "സ്നേഹത്തിൽ നടക്കുന്നത്" (5:3, 4), അവർ ദൈവേഷ്ടത്തിനു വിരുദ്ധമായ വഞ്ചനയുള്ള ജീവിതശൈലി സ്വീകരിക്കാതിരിക്കും.

ദൈവത്തിന്റേയും ക്രിസ്തുവിന്റേയും മാതൃകയിലാണ് ക്രിസ്ത്യാനി പെരുമാറേണ്ടത്. ആ ജീവിതശൈലിയിലായിരുന്നു നാം മുൻപ് ജീവിച്ചിരുന്നത്, ലോകം ഇപ്പോഴും ജീവിക്കുന്നത് ആ ശൈലിയിലാണ്.

ജേയ് ലോക്ഹാർട്ട്

കുറിപ്പുകൾ

[1]എസ്. ഡി. എഫ്. സാൽമണ്ട്, *"ദ എപ്പിസ്റ്റിൽ ടു ദ എഫെഷ്യൻസ്," ഇൻ ദ എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്*, എഡി. ഡബ്ലിയു. റോബർട്ട്സൺ നിക്കോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. ർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:350. [2]ഇബിഡ്. [3]ആൻഡ്ര്യു ടി. ലിങ്കൺ, *എഫെഷ്യൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1990), 312. [4]ഇബിഡ്., 321. [5]സി. ജി. വിൽക്കെ ആന്റ് വിൽബാൾഡ് ഗ്രിം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസെഫ് ഹെൻറി, തേയർ (എഡിൻബറോ ടി & ടി ക്ലാർക്ക്, 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 21; നോക്കുക വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 34. [6]സ്പിറോസ് സോദിയേറ്റ്സ്, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യു ടെസ്റ്റമെന്റ്*, 2ഡ് എഡി. (ചറ്റനൂഗാ, ടെന്ന.: ഏഎംജി പബ്ലിഷേഴ്സ്, 1991), 948. [7]ലിങ്കൺ, 322. [8]സാൽമണ്ട്, 352. [9]സോദിയേറ്റ്സ്, 938. [10]ഇബിഡ്., 918.